# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 279 — 20.06.2018 – ൽ മറുപടിക്ക്

## ഇ-പോസ് മെഷീൻ വഴി റേഷൻ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, അനൂപ് ജേക്കബ്<br>,, അനിൽ അക്കര<br>,, ഹൈബി ഈഡൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) റേഷൻ കട വഴി വിൽക്കുന്ന എല്ലാ റേഷൻ സാധനങ്ങളും ഇ- പോസ് മെഷീൻ വഴി നൽകണമെന്ന നിബന്ധനയുണ്ടോ; | (എ) സംസ്ഥാനത്തെ മൊബൈൽ കണക്ടിവിറ്റി ഇല്ലാത്ത 42 റേഷൻ കടകളൊഴികെ മറ്റെല്ലാ റേഷൻ കടകളിലും എല്ലാ റേഷൻ സാധനങ്ങളും ഇ-പോസ് മെഷീൻ വഴിയാണ് വിതരണം ചെയ്യുന്നത്. കണക്ടിവിറ്റി ഇല്ലാത്ത കടകളിൽ മാനുവലായി റേഷൻ വിതരണം നടത്തുന്നുണ്ട്. |
| (ബി) പല വിധ കാരണങ്ങളാൽ മെഷീൻ ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മെഷീനിൽ രേഖപ്പെടുത്താതെ റേഷൻ വിതരണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം റേഷൻ ഇപ്രകാരം നൽകുവാൻ അനുമതിയുണ്ട്; | (ബി) പല വിധ കാരണങ്ങളാൽ മെഷീൻ ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മെഷീനിൽ രേഖപ്പെടുത്താതെ മാനുവലായി റേഷൻ വിതരണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും അർഹതപ്പെട്ട റേഷൻ സാധനങ്ങൾ മൊത്തമായി വിതരണം ചെയ്യുന്നുണ്ട്. |
| (സി) ഈ ആനുകൂല്യത്തിന്റെ മറവിൽ റേഷൻ സാധനങ്ങൾ പഴയതു പോലെ കരിഞ്ചന്തയിൽ വിൽക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | (സി) ഇ-പോസ് മെഷീനിൽ ആധാർ ആതന്റിക്കേഷൻ മുഖേനയോ റേഷൻ കാർഡ് ഡാറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുളള മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന വൺ ടൈം പാസ്‌വേഡ് മുഖേനയോ, ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഒരാൾക്കും റേഷൻ നിഷേധിക്കപ്പെടരുത് എന്ന സദുദ്ദേശ്യത്തോടെ ഏർപ്പെടുത്തിയ ഈ സംവിധാനം ദുരുപയോഗപ്പെടുത്തി റേഷൻ സാധനങ്ങൾ തിരിമറി നടത്തുന്നതായി ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

ആതന്റിക്കേഷൻ ഇല്ലാത്ത ട്രാൻസാക്ഷനുകൾ കൂടുതലായി നടത്തുന്ന റേഷൻ കടകളിൽ പരിശോധന നടത്തി ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വ്യക്തി അറിയാതെ ആധാർ ആതന്റിക്കേഷൻ നടത്തി എന്ന പരാതികളിന്മേലും അന്വേഷിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇ-പോസ് വഴിയല്ലാതെ നടത്തിയിട്ടുള്ള റേഷൻ വിതരണം സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുവാനും, ഒരു പ്രത്യേക അനുപാതത്തിന്മേൽ നടത്തിയ വിതരണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനും സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**